# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6418 — 03.04.2018-ലെ മറുപടി

## ജലാശയങ്ങൾ മലിനമാക്കുന്നവരെ ശിക്ഷിക്കുന്നതിനുള്ള നിയമം

**ചോദ്യം**

**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**

(എ) ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ എന്ത് ശിക്ഷാനടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ കേരളപഞ്ചായത്തീരാജ്നഗര പാലികാ നിയമമനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്ട്, 1974 അനുസരിച്ച് മലിനീകരണ നിയന്ത്രണ ബോർഡ്, കേരള ഇറിഗേഷൻ വാട്ടർ കൺസർവേഷൻ ആക്ട് 2003-ഭേദഗതി ഓർഡിനൻസ് (27/2017) പ്രകാരം പോലീസ് അധികാരികൾ എന്നിവരാണ് നടപടികൾ സ്വീകരിക്കുന്നത്.

ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ കേന്ദ്ര സർക്കാരിന്റെ ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974-പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾക്ക് കോടതികൾ (ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലോ മറ്റ് ഉയർന്ന കോടതികളിലോ) മുഖേന കേസ്സെടുത്ത് ആയതിൽ വിധിവരുമ്പോൾ ശിക്ഷാനടപടികൾ പ്രാവർത്തികമാക്കുവാൻ സാധിക്കുന്നു. ജലമലിനീകരണത്തിന് കാരണമായിട്ടുള്ളവർക്ക് ജലനിയമപ്രകാരം ഒന്നര വർഷം മുതൽ പരമാവധി ഏഴ് വർഷം വരെ ശിക്ഷനൽകാനുള്ള വകുപ്പുകളുണ്ട്. ഇതോടൊപ്പം ഫൈനും കോടതി വഴി ഈടാക്കാവുന്നതാണ്. ഇത് കാര്യമായ കാലതാമസം

ഉണ്ടാക്കുന്നുവെന്നതിനാൽ നിലവിൽ അടിയന്തിരമായി മലിനീകരണ പ്രശ്നങ്ങൾ ഉ ണ്ടാക്കുന്ന സ്ഥാപന ങ്ങൾക്കെതിരെ അടച്ചുപൂട്ടൽ നടപടി സ്വീകരിക്കുന്നതിന് ജലനിയമത്തിലെ സെക്ഷൻ 33-എ പ്രകാരം സാധിക്കുന്നതിനാൽ നില വിൽ അത്യാവശ്യമെന്ന് ക ണ്ടാൽ അടച്ചുപൂട്ടലിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ജലാശയങ്ങൾ മലിനമാക്കുന്നവർക്ക് ശിക്ഷ നൽകുന്നതിനുള്ള നിയമം ഓർഡിനൻസായ സാഹചര്യത്തിൽ ഏത് തരത്തിലുള്ള കുറ്റങ്ങളാണ് നിയമപ്രകാരം ശിക്ഷാർഹമായിട്ടുള്ളതെന്നും കിട്ടാവുന്ന ശിക്ഷകൾ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്, 2003 ഭേദഗതി വരുത്തിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഭേദഗതി പ്രകാരം പൊതു ഉടമസ്ഥതയിലുള്ള ജലാശയത്തിലേക്കോ, കനാലിലേക്കോ, പുഴകളിലേക്കോ, അരുവികളിലേക്കോ, ഉറവകളിലേക്കോ ഒരാളും മാലിന്യം നിക്ഷേപിക്കുകയോ, ഒഴുക്കുകയോ ചെയ്ത് ജലം ഒരു തരത്തിലും മലിനീകരിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. ഓർഡിനൻസ് പ്രകാരം ജലം മലിനമാക്കുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ ശക്തമാക്കിയിട്ടുണ്ട്. മൂന്നു വർഷത്തിൽ അധികരിക്കാത്തതുമായ തടവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ പിഴയും ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നു.

(സി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സ് ചാർജ്ജ് ചെയ്യുകയെന്നും ജാമ്യമില്ലാ വകുപ്പുകളാണോ ചുമത്തുകയെന്നും വ്യക്തമാക്കാമോ;

(സി) കോഡ് ഓഫ് ക്രിമിനൽ പ്രൊസീജ്യർ, 1973-ലെ സെക്ഷൻ 29, സബ്-സെക്ഷൻ(2) പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്യുക. ഫസ്റ്റ് ക്ലാസ് ജ്യുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് കേസ് പരിഗണിക്കുന്നത്.

(ഡി) ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്ത് ഈ നിയമപ്രകാരം കേസ്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഏത് പോലീസ് സ്റ്റേഷനിലാണ് കേസ്സ് ചാർജ്ജ് ചെയ്തതെന്നും പ്രതികൾ ആരൊക്കെയാണെന്നും ക്രൈം നമ്പർ എത്രയാണെന്നും ചുമത്തപ്പെട്ട സെക്ഷനുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) യും (ഇ) യും ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വരട്ടാറിൽ മാലിന്യം നിക്ഷേപിച്ചതിനെതിരെയാണ് കേസ് എടു ത്തിട്ടുള്ളത്.വരട്ടാർ സംസ്കൃതി ചെയർമാൻ ശ്രീ.തുളസീദാസ് നൽകിയ പരാതി യെത്തുടർന്ന് തിരുവല്ല പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ — 3359/2017 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 -ലെ കൂട്ടിച്ചേർത്ത 37(4) ഉപവകുപ്പ് പ്രകാരം ശ്രീ.ശ്രീകാന്ത്, വേലക്കളത്തിൽ

ഓതറ, ഈസ്റ്റ് ഇരവിപേരൂർ വില്ലേജ്, എന്നയാൾക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

| | |
|---|---|
| (എഫ്) ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുമുമ്പ് സംസ്ഥാനത്ത് നിരവധി ജലാശയങ്ങളും കുളങ്ങളും തോടുകളും കിണറുകളും മലിനമാക്കപ്പെട്ടിട്ടുള്ളതിനാൽ ഇതിനു ത്തരവാദികളായവരെ കണ്ടെത്തി പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എഫ്) ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനു മുമ്പ് മലിനീകരണത്തിന് കാരണമാകുന്ന നടപടി കൈക്കൊണ്ടിട്ടുള്ളവർ ആ നടപടി തുടരുന്ന സാഹചര്യമുണ്ടെന്ന് കണ്ടെത്തിയാൽ നടപടി കൈക്കൊള്ളുന്നതിന് സാധിക്കും. |

**സെക്ഷൻ ഓഫീസർ**